# സെന്റ് സെബാസ്റ്റ്യൻസ് സി.ഇ.എം.എൽ പി.എസ്

# ചിറ്റാട്ടുകര

ചാവക്കാട് ഉപജില്ലയിലെ ചിറ്റാട്ടുകര എന്ന ദേശത്ത് ഗ്രാമത്തിന്റെയും സ്വച്ഛതയും ഉൾതുടിപ്പുകളും ഇഴ ചേർന്ന ഒരു പ്രദേശത്തിൽ സെന്റ് . സെബാസ്റ്റ്യൻ നാമധേയത്തിൽ സ്ഥിതി ചെയ്യുന്ന ഒരു അൺ എയ്ഡഡ് വിദ്യാലയമാണ് ഇത്.

മാനേജ്മെന്റിന്റെ തികഞ്ഞ ജാഗ്രതയോടെ വിദ്യാലത്തിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നു. വിദ്യാലയത്തിന്റെയും കുഞ്ഞുങ്ങളുടേയും വളർച്ചയ്ക്ക് അക്ഷീണം പ്രയക്തിക്കുന്ന ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് റവ. സി. ലിസി എലുവത്തിങ്കൽ സ്കുളും പരിസരവും മനോഹരമാക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചു വരുന്നു. ആവശ്യമായ കളിസ്ഥലവും കുട്ടികൾക്കായുള്ള ഉല്ലാസ പാർക്കും ഉണ്ട്. പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ പി ടി എ  യുടെ സഹകരണം ഉണ്ട്.

# ഉള്ളടക്കം

* വിദ്യാലയ ചരിത്രം

* പൊതു ലക്ഷ്യങ്ങൾ

* അക്കാദമികം : നേട്ടങ്ങൾ - പരിമിതികൾ

* ലക്ഷ്യങ്ങൾ വിഷയാടിസ്ഥാനത്തിൽ

* നിലവിലുള്ള അവസ്ഥ - ഭൗതികം , അക്കാദമികം

* അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന
പ്രവർത്തനങ്ങൾ

# വിദ്യാലയത്തിന്റെ ലഘുചരിത്രം

എളവള്ളി ഗ്രാമപഞ്ചായത്തിൽ ചിറ്റാട്ടുകര ദേശത്തിന്റെ കിഴക്കുഭാഗത്തായി ശ്രീമാൻ പോൾ മാസ്റ്റർ പടിക്കും സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിനും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം എല്ലാവിധ പുരോഗതിക്കും സാക്ഷ്യം വഹിച്ചുകൊണ്ട് ചിറ്റാട്ടുകര ഗ്രാമത്തിൽ തിളങ്ങി നിൽക്കുന്നു. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസസമൂഹത്താൽ നയിക്കപ്പെടുന്ന സെന്റ്. സെബാസ്റ്റ്യാൻസ് സി.ഇ.എം.എൽ. പി സ്കൂളിന്റെ ചരിത്രം മൂന്നു ദശാബ്ദം പുരാതനമാണ്. ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. അങ്ങനെ 1995 ൽ സ്ഥാപിതമായ ഈ വിദ്യാലയം വളരെ പ്രസിദ്ധമായിരുന്നു . ദൂരെ നിന്നു പോലും വിദ്യാർത്ഥികൾ ഇവിടെ പഠിക്കുവാൻ ആയി എത്തി ചേരുന്നു. ഇപ്പോൾ 150 ഓളം വിദ്യാർത്ഥികളുമായി മികവിന്റെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നു. ഓരോ കുഞ്ഞുങ്ങളുടെയും ശാരീരികവും മാനസികവും ആത്മീയവുമായ കാര്യങ്ങളിൽ അധ്യാപകർ എല്ലാവരും തന്നെ ശ്രദ്ധാലുക്കളാണ്.

# പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ എഴുതുവനും വായിക്കുവാനുള്ള കഴിവ് ഉറപ്പുവരുത്തുക.

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.

* വിദ്യാർത്ഥി നേതൃത്വങ്ങൾ രൂപികരിക്കൽ.

# അക്കാദമികം

നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു.

* കലാപഠനം, പ്രവർത്തിപരിചയ പഠനം, കായികം, സാഹിത്യ രചന ഇവയ്ക്ക് പരിശീലനം.

* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

പരിമിതികൾ

* പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

* കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

# ലക്ഷ്യങ്ങൾ

ഭാഷാ വികസനം

* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക

* മികച്ച വായനാശീലം വളർത്തുക

ഇംഗ്ലീഷ്

* ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക

* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

പരിസര പഠനം

* ശസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.

* ശാസ്ത്ര അവബോധം നൽകുന്ന മത്സരങ്ങൾ
നടത്തുക.

ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

* ഓരോ ക്ലാസ്സിലും വിഭാവനം ചെയ്യുന്ന ഗണിതശേഷി ഉറപ്പാക്കുക.

# നിലവിലുള്ള അവസ്ഥ

**ഭൗതികം**

30 വർഷം പിന്നിട്ട സെന്റ് . സെബാസ്റ്റ്യൻസ് സി.ഇ.എം.എൽ.പി. സ്കൂൾ ചിറ്റാട്ടുകര, മികച്ച നേട്ടങ്ങൾ കൈവരിച്ച് നിലകൊള്ളുന്നു. 150 ഓളം വിദ്യാർത്ഥികളും 4 അധ്യപാകരും ഈ വിദ്യാലയത്തിലുണ്ട്. എല്ലാ കര്യങ്ങളിലും സഹകരിക്കുന്ന പി. ടി. എ വിദ്യാലയത്തിന് വലിയ ശക്തിയാണ്.

എളവള്ളി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഈ ലോവർ പ്രൈമറി സ്കൂൾ ഈ പഞ്ചായത്തിനു തന്നെ അഭിമാനമാണ് . പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജിയോ ഫോക്സ് അവർകളും ഭരണസമിതിയും പ്രത്യേക ശ്രദ്ധയും കരുതലും ഈ സ്കൂളിനോട് കാണിക്കുന്നതിൽ ബദ്ധ ശ്രദ്ധരാണ് .ഇതിനോടൊപ്പം തന്നെ സ്കൂൾ ലോക്കൽ മാനേജ്മെന്റും എഫ്. സി . സി. തൃശ്ശൂർ അസ്സിസി കോർപ്പറേറ്റ് എജുക്കേഷൻ മാനേജ്മെന്റും എല്ലാവിധ പ്രോത്സാഹനവും മാർഗ്ഗനിർദേശങ്ങളു നൽകി വരുന്നു. ഓരോ കുഞ്ഞിനേയും വ്യക്തിപരമായി മനസ്സിലാക്കി അവരുടെ കഴിവുകളും സിദ്ധികളും തിരിച്ചറിഞ്ഞ് അവരെ ചേർത്തുപിടിക്കുന്ന

അർപ്പണ ബോധമുള്ള - അധ്വാനിക്കുന്ന - അത്മാർത്ഥതയുടെ പ്രതീകങ്ങളായ ഒരു കൂട്ടം അധ്യാപകരാണ് ഈ വിദ്യാലയത്തിന്റെ ചാലകശക്തി. കുട്ടികളുടെ കാലപ്രകടനങ്ങൾക്കായി സജ്ജീകൃതമായ സ്റ്റേജ് ഉണ്ട് കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ഉണ്ട്. കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി പാർക്കുമുണ്ട്. പഠനോടൊപ്പം മാനസിക ഉല്ലാസത്തിനായി വിനോദയാത്രകളും പഠനയാത്രകളും നടത്തുന്നു

**അക്കാദമികം**

ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യ പകരുന്നതിൽ അധ്യാപകർ ശ്രദ്ധിച്ചു വരുന്നു. ക്ലാസ് ടെസ്റ്റ്, മാസ പരീക്ഷകൾ, പാദവാർഷിക പരീക്ഷ, വാർഷിക പരീക്ഷ എന്നിവ ക്രമമായി നടത്തുന്നു. കൂടാതെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും അബാകസ് പരിശീലനങ്ങളും നൽകിവരുന്നു പിന്നോക്ക വിഭാഗം കുട്ടികൾക്ക് പിന്തുണ പ്രവർത്തനങ്ങൾ നൽകിവരുന്നു. എൽ.എസ്.എസ് സ്കോളിഷിപ്പിനായി അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകി വരുന്നു.